

# ഖുർആൻ ബോധനം

ദൈവ വിഷയത്തിൽ തർക്കിക്കുന്നവർ ഒരു വിഷയത്തിലും യാതൊരു അറിവുമില്ലാത്തവരാകുന്നു എന്നല്ല. അക്കൂട്ടത്തിൽ ഭൗതിക ശാസ്ത്രങ്ങളിൽ അവഗാഹമുള്ളവരും ദാർശനികരും സാമൂഹിക ശാസ്ത്രജ്ഞരുമെല്ലാം ഉണ്ടാകാം. പക്ഷേ, ദൈവിക വിഷയത്തിൽ ആധികാരിക ജ്ഞാനം ലഭിക്കുക വേദഗ്രന്ഥങ്ങളിൽ നിന്നും പ്രവാചക സന്ദേശങ്ങളിൽ നിന്നുമാണ്. ഈ രണ്ടു സ്രോതസ്സുകളിൽ നിന്നുമുള്ള ജ്ഞാനമില്ലാതെയുള്ള ആധ്യാത്മിക ചർച്ച കേവലം ഊഹാധിഷ്ഠിതമാണ്.

എ.വൈ.ആർ

### സൂറ - 22

# അൽഹജ്ജ്

وَمِنَ ٱلنَّاسِ مَن يُجَـٰدِلُ فِى ٱللَّهِ بِغَيْرِ عِلْمٍ وَيَتَّبِعُ كُلَّ شَيْطَـٰنٍ مَّرِيدٍ ٣

3. ചില ആളുകൾ ജ്ഞാനമില്ലാതെ അല്ലാഹുവിനെക്കുറിച്ച് തർക്കിക്കുകയും ശഠന്മാരായ ചെകുത്താന്മാരെയൊക്കെ പിൻപറ്റുകയും ചെയ്യുന്നു.

كُتِبَ عَلَيْهِ أَنَّهُۥ مَن تَوَلَّاهُ فَأَنَّهُۥ يُضِلُّهُۥ وَيَهْدِيهِ إِلَىٰ عَذَابِ ٱلسَّعِيرِ ٤

4. എന്നാൽ ചെകുത്താനോ, അവനെ രക്ഷകനാക്കിയവരെ വഴിതെറ്റിക്കാനും നരകയാതനയിലേക്ക് നയിക്കാനും വിധിക്കപ്പെട്ടിരിക്കുന്നു.

**3,4**

وَمِنَ ٱلنَّاسِ مَن = മനുഷ്യരിൽനിന്ന് ചിലർ (ചിലയാളുകൾ) يُجَـٰدِلُ = തർക്കിക്കുന്നു(ക്കുകയും)

فِى ٱللَّهِ = അല്ലാഹുവിൽ(വിനെക്കുറിച്ച്) بِغَيْرِ عِلْمٍ = ജ്ഞാനമില്ലാതെ وَيَتَّبِعُ = പിൻപറ്റുകയും ചെയ്യുന്നു

كُلَّ شَيْطَـٰنٍ = ചെകുത്താന്മാരെയൊക്കെയും مَّرِيدٍ = ശഠൻ(മാർ) ആയ

كُتِبَ عَلَيْهِ = (എന്നാൽ ചെകുത്താനോ വിധിക്കപ്പെട്ടിരിക്കുന്നു) അവന്റെ മേൽ എഴുതപ്പെട്ടു

أَنَّهُۥ = എന്തെന്നാൽ مَن تَوَلَّاهُ = (യവരെ) വല്ലവനും അവനെ രക്ഷകൻ, മിത്രം ആക്കിയാൽ

فَأَنَّهُۥ يُضِلُّهُۥ = തീർച്ചയായും അവൻ അയാളെ വഴിതെറ്റിക്കും(ക്കാനും)

وَيَهْدِيهِ = (നയിക്കാനും) അയാളെ നയിക്കുകയും ചെയ്യും إِلَىٰ عَذَابِ ٱلسَّعِيرِ = നരകയാതനയിലേക്ക്

ഇവിടം മുതൽ 24-ാം സൂക്തം വരെ, ദൈവത്തിന്റെ ഏകത്വം, പരലോകം, പ്രവാചകത്വം തുടങ്ങിയ കാര്യങ്ങൾക്കെതിരെ അവിശ്വാസികൾ ഉന്നയിച്ചുകൊണ്ടിരിക്കുന്ന തർക്കങ്ങളും സന്ദേഹങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് മറുപടി നൽകുകയും, തെളിവുകളും ന്യായങ്ങളും നിരത്തി പ്രസ്തുത ആദർശങ്ങൾ സ്ഥാപിക്കുകയുമാണ്. ദൈവിക കാര്യങ്ങളിൽ തർക്കിക്കുന്ന അവിശ്വാസികൾ എന്നുമുണ്ടായിരുന്നു. ഇന്നുമുണ്ട്. എന്നാൽ, ദൈവം ഉണ്ടോ ഇല്ലേ എന്ന തർക്കം പണ്ടുകാലത്ത് തീരെ വിരളമായിരുന്നു. ദൈവിക വിഷയത്തിലുള്ള ഏറ്റം വലിയ തർക്കം അതായിരിക്കുന്നുവെന്നതാണ് ഇക്കാലത്തെ പ്രത്യേകത.

ഇവിടെ 'അല്ലാഹുവിനെക്കുറിച്ച് തർക്കിക്കുന്നവർ' എന്ന വാക്കുകൊണ്ട് മുഖ്യമായി ഉദ്ദേശിക്കുന്നത് ദൈവാസ്തിക്യത്തെക്കുറിച്ച് തർക്കിക്കുന്നവരല്ല. വിശുദ്ധ ഖുർആൻ അവത

# ഖുർആൻ ബോധനം

രിക്കുന്ന കാലത്ത് പ്രവാചകന് നേരിടാനുണ്ടായിരുന്നത് നാസ്തികരെ യായിരുന്നില്ല. ഒരു പരമേശ്വരനിലും അനേകായിരം ഉപദൈവങ്ങളിലും വിശ്വസിച്ചിരുന്നവരായിരുന്നു അറബികൾ. ദൈവം ഒന്നേയുള്ളൂ എന്നതിനെയും, ആ ദൈവം അവന്റെ സൃഷ്ടികൾക്ക് ജീവിതധർമം അനുശാസിച്ചിരിക്കുന്നു എന്നതിനെയും, ആ ധർമം പാലിച്ചവർക്കും പാലിക്കാത്തവർക്കും അതിന്റെ അനിവാര്യഫലം അനുഭവിക്കുന്ന ഉയിർത്തെഴുന്നേൽപും പരലോകവും വരാനിരിക്കുന്നുണ്ട് എന്നതിനെയുമാണ് അവർ ചോദ്യം ചെയ്തിരുന്നത്. പ്രവാചകനോട് ഇത്തരം തർക്കങ്ങളുന്നയിച്ചിരുന്ന ഖുറൈശികളിലെ പ്രധാനിയായിരുന്നു നദ്ർ ബ്നു ഹാരിസ്. ദൈവത്തിന്റെ ഏകത്വത്തിലും പരലോകത്തിലും പ്രവാചകത്വത്തിലും ഭിന്നിച്ചവരാണ് ഇന്നും എണ്ണത്തിൽ ഏറെയുള്ളത്. സാധാരണ ജനങ്ങളെ ഏറെ സ്വാധീനിക്കാറുള്ളതും ഈ തർക്കമാണ്. നിരീശ്വരത്വം പ്രകൃതിപരമായ സാമാന്യ ബോധത്തിന് പ്രത്യക്ഷത്തിൽ തന്നെ നിരക്കാത്തതായതിനാൽ സാധാരണക്കാർ അധികമൊന്നും ആ യുക്തി വൈകല്യത്തിൽ ചെന്നു ചാടാറില്ല. രണ്ടുതരം തർക്കങ്ങളും അടിസ്ഥാനപരമായി ഒന്നാണ്. ഏകനും സർവശക്തനും സർവജ്ഞനും സ്രഷ്ടാവും ധർമശാസ്താവും രക്ഷാശിക്ഷകൾക്കുടയവനുമായ ദൈവത്തിന്റെ നിഷേധം. ആദ്യത്തെ കൂട്ടർ യഥാർഥ ദൈവത്തെ നിഷേധിച്ചുകൊണ്ട് ഭാവനാ സൃഷ്ടികളായ കുറെ ദൈവങ്ങളെ സ്ഥാപിക്കുന്നു. രണ്ടാമത്തെ വിഭാഗം യഥാർഥത്തിൽ ഉള്ള ദൈവത്തെയും മിഥ്യാ ദൈവങ്ങളെയും ഒരുപോലെ നിഷേധിക്കുന്നു. മനുഷ്യന് ദൈവത്തോടുള്ള ഉത്തരവാദിത്തത്തിന്റെ നിഷേധമാണ് രണ്ടിന്റെയും പ്രായോഗിക ഫലം.

ജ്ഞാനമില്ലാതെ - بِغَيْرِ عِلْمٍ - എന്നു പറഞ്ഞത് കൊണ്ടുദ്ദേശിക്കുന്നത്, ദൈവ വിഷയത്തിൽ തർക്കിക്കുന്നവർ ഒരു വിഷയത്തിലും യാതൊരു അറിവുമില്ലാത്തവരാകുന്നു എന്നല്ല. അക്കൂട്ടത്തിൽ ഭൗതിക ശാസ്ത്രങ്ങളിൽ അവഗാഹമുള്ളവരും ദാർശനികരും സാമൂഹിക ശാസ്ത്രജ്ഞരുമെല്ലാം ഉണ്ടാകാം. പക്ഷേ, ദൈവിക വിഷയത്തിൽ ആധികാരിക ജ്ഞാനം ലഭിക്കുക വേദഗ്രന്ഥങ്ങളിൽ നിന്നും പ്രവാചക സന്ദേശങ്ങളിൽ നിന്നുമാണ്. ഈ രണ്ടു സ്രോതസ്സുകളിൽ നിന്നുമുള്ള ജ്ഞാനമില്ലാതെയുള്ള ആധ്യാത്മിക ചർച്ച കേവലം ഊഹാധിഷ്ഠിതമാണ്. ദൈവത്തിന്റെ ഏകത്വവും മനുഷ്യന്റെ പരലോക ജീവിതവും നിഷേധിക്കുന്ന ഒരു സത്യപ്രവാചകനുമില്ല; സത്യവേദവുമില്ല. ഈ രണ്ട് സ്രോതസ്സുകളെയും അവഗണിച്ചുകൊണ്ട് ദൈവിക വിഷയങ്ങളിൽ തർക്കിക്കാൻ വരുന്നവർ മറ്റു നിലയിൽ എത്ര വലിയ പണ്ഡിതന്മാരായാലും ഈ വിഷയത്തിൽ അജ്ഞരാണ്. ചെകുത്താന്മാരെയാണ് അവർ അവലംബിക്കുന്നത്. ചെകുത്താൻ ജിന്ന് വർഗത്തിൽ നിന്നുള്ളതാകാം, മനുഷ്യവർഗത്തിൽ നിന്നുള്ളതുമാകാം. كُلَّ شَيْطَٰنٍ (എല്ലാ ചെകുത്താനെയും) എന്ന വാക്ക് രണ്ടു വിഭാഗത്തെയും ഉൾക്കൊള്ളുന്നു. ചെകുത്താന്റെ വിശേഷണമായ مَرِيدٍ-നെയാണ് 'ശഠന്മാരായ' എന്ന് തർജമ ചെയ്തിട്ടുള്ളത്. مرد യുടെ കർതൃപദമാണ് مَرِيد. എതിരായ തെളിവുകളോ ന്യായങ്ങളോ പരിഗണിക്കാൻ കൂട്ടാക്കാതെ തന്റെ നിലപാടിൽ അള്ളിപ്പിടിച്ചു നിൽക്കുന്നവരെയാണ് ഈ പദം കൊണ്ട് വിശേഷിപ്പിക്കുക.

ചെകുത്താൻ ദൈവത്തെ ധിക്കരിക്കുക എന്ന പൈശാചികതയിൽ -شيطانية- ശഠിച്ചു നിന്നവനാണ്. അവനിൽ നിന്ന് ആദ്യത്തെ ധിക്കാരം പ്രകടമായപ്പോൾ തന്നെ അല്ലാഹു അവനെ ചോദ്യം ചെയ്തിരുന്നു. അവൻ പക്ഷേ, തന്റെ നിലപാട് മാറ്റാൻ തയാറായില്ല. അന്ത്യനാൾ വരെ ഇതേ നിലപാടിൽ തുടരുമെന്നു പ്രതിജ്ഞയെടുക്കുകയാണുണ്ടായത്. അവന്റെ അപേക്ഷ സ്വീകരിച്ച് അല്ലാഹു അതിനുള്ള അവസരം അനുവദിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽതന്നെ പിൻപറ്റുന്നവരെ ധർമപാതയിൽ നിന്ന് വ്യതിചലിപ്പിച്ച് നരകയാതനയിലേക്ക് നയിക്കാൻ വിധിക്കപ്പെട്ടവനാണവൻ. എന്നാൽ, ചെകുത്താനെ മിത്രമോ രക്ഷകനോ ആയി വരിക്കുന്ന മനുഷ്യരെ മാത്രമേ അവന് സ്വാധീനിക്കാനും വഴിതെറ്റിക്കാനും കഴിയൂ. സുഹൃത്തും ഗുണകാംക്ഷിയും ഉപദേശകനുമൊക്കെയായിട്ടായിരിക്കും അവൻ പ്രത്യക്ഷപ്പെടുക. ചിലപ്പോൾ പിതൃപൂജയുടെയും ദേശാഭിമാനത്തിന്റെയും വംശീയതയുടെയും ഭാഷാ സ്നേഹത്തിന്റെയുമൊക്കെ വേഷമണിയുന്നു. വാസ്തവത്തിൽ അവൻ വഞ്ചകനും ദുഷ്ടനും എല്ലാ നന്മകളിൽ നിന്നും മുക്തനുമായിരിക്കും. ഏക ദൈവത്വത്തെയും പരലോകത്തെയും സംബന്ധിച്ച് ഇസ്‌ലാമിനോട് കുതർക്കങ്ങളുന്നയിക്കുന്നവർ ഇത്തരം ദുഷ്ടനായ ചെകുത്താന്മാരുടെ അനുയായികളാണ്.

ഇക്കാര്യം ഖുർആൻ അനേകം സന്ദർഭങ്ങളിൽ ഉണർത്തിയിട്ടുണ്ട്. ചെകുത്താന് അല്ലാഹു അനുവദിച്ചുകൊടുത്ത ദൗത്യമാണ് മനുഷ്യരെ വഴിതെറ്റിച്ച് നരകത്തിലേക്ക് നയിക്കുക എന്നത്. അവനെ മിത്രവും രക്ഷകനുമായി വരിക്കുന്ന മനുഷ്യരിൽ അവനാ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കും. എന്നാൽ, അല്ലാഹുവിനെ ഏകദൈവവും, സർവശക്തനായ രക്ഷകനുമായി വരിച്ചവരിൽ അവന്റെ തന്ത്രങ്ങളൊന്നും ഫലിക്കുകയില്ല. അവർ അവനെ ശത്രുവായി മനസ്സിലാക്കുകയും അവന്റെ കുതന്ത്രങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യും. അവൻ വിഷം പോലെയാണ്. വിഷം കഴിക്കുന്നവർക്ക് ജീവഹാനിയുണ്ടാക്കുക വിഷത്തിന്റെ ധർമമാണ്. ഒരു വിഡ്ഢി വിഷത്തെ അമൃതെന്ന് കരുതി കഴിച്ചാലും ഫലം അതുതന്നെയായിരിക്കും. അല്ലാഹു ചെകുത്താന് അവസരം അനുവദിച്ചുകൊടുത്തത് മനുഷ്യരെ പരീക്ഷിക്കാനാണ്. അല്ലാതെ, മനുഷ്യർ ചെകുത്താനെ നേതാവാക്കാനോ അവന്റെ പ്രേരണയനുസരിച്ച് പ്രവർത്തിക്കാനോ അവനെ പിന്തുടരാനോ അല്ല.

ഉയിർത്തെഴുന്നേൽപിനെ പരാമർശിച്ചതിനൊപ്പം തന്നെ തൗഹീദിനെ-ഏകദൈവത്വത്തെ- പരാമർശിച്ചത് ഉയിർത്തെഴുന്നേൽപിന്റെ പ്രസക്തിയും പ്രാധാന്യവും തൗഹീദിനോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. അല്ലാഹുവിങ്കൽ ഉപദൈവങ്ങളും ശിപാർശകരും അംഗീകരിക്കപ്പെടുന്നുവെങ്കിൽ ഉയിർത്തെഴുന്നേൽപ് അത്ര ഗൗരവമേറിയ കാര്യമാകുന്നില്ല. ജനം ആരാധിക്കുന്ന ബഹുദൈവങ്ങൾക്കും ശിപാർശകർക്കും തങ്ങളുദ്ദേശിക്കുന്നവരെ അല്ലാഹുവിന്റെ വിചാരണയിൽ നിന്ന് ഒഴിവാക്കിക്കൊടുക്കാനാകുമെങ്കിൽ പിന്നെ പേടിക്കാനെന്തിരിക്കുന്നു?! ഇക്കാരണത്താൽ ഖുർആൻ മരണാനന്തര ജീവിതത്തെയും ബഹുദൈവത്വ നിഷേധത്തെയും പലപ്പോഴും പരസ്പരം ചേർത്ത് വിശദീകരിക്കുന്നു. അല്ലാഹുവിന്റെ പിടിയിലകപ്പെടുന്നവരെ രക്ഷിക്കാൻ യാതൊരു ശക്തിയുമില്ലെന്ന യാഥാർഥ്യം ആളുകൾ നന്നായി മനസ്സിലാക്കാൻ വേണ്ടിയാണിത്. എല്ലാവരും അവരുടെ കേസുമായി അല്ലാഹുവിന്റെ മുന്നിൽ ചെന്നു നിൽക്കുക തന്നെ വേണം. അവൻ മാത്രമായിരിക്കും അവരുടെ വിധികളെഴുതുക. ■